# പരിസ്ഥിതി: ഇസ്‌ലാമികമുഖവുര

**പരിസ്ഥിതി വിജ്ഞാനീയം എന്ന ഒരു പ്രത്യേക ശാഖ ഇല്ലാതെത്തന്നെ പരിസ്ഥിതിയെക്കുറിച്ച് ചരിത്രത്തിൽ മനുഷ്യർ ദാർശനികമായും പ്രായോഗികമായും ഗൗരവമാർന്ന നിലപാടുകളെടുത്തുപോന്നിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ നാം ആദ്യമായി പരിഗണിക്കുന്നത് വിഷയത്തിന്റെ സാംസ്കാരിക മാനങ്ങളായിരിക്കണം.**

മനുഷ്യൻ ജീവിക്കുന്ന പരിസ്ഥിതി അവന്റെ അസ്തിത്വത്തിന്റെ തൊട്ടിലാണ്. അവന്റെ ഭൗതികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളും നടക്കേണ്ടത് അവിടെയാണ്. തന്റേതും പഴയകാല തലമുറകളുടേതുമുൾപ്പെടെയുള്ള ചരിത്രവും അന്ത്യംവരെയുള്ള ഭാവിയുമെല്ലാം ഈ പരിസ്ഥിതിയുമായി ലയിച്ചുചേർന്നാണിരിക്കുന്നത്. മനുഷ്യ സൃഷ്ടിപ്പിന്റെ ദൈവിക ലക്ഷ്യമായ പ്രാതിനിധ്യമെന്ന ഉത്തരവാദിത്വം നിറവേറേണ്ടതും ഇതേ പരിസ്ഥിതിയിലാണ്. അതുകൊണ്ടുതന്നെ, പരിസ്ഥിതിയെ സംബന്ധിച്ച ചിന്തകൾക്ക് എത്രയും പ്രാധാന്യമേറുന്നു. അതിനോട് എന്ത് സമീപനം സ്വീകരിക്കണമെന്നത് അതിലേറെ പ്രധാനമാണ്; ജനനം മുതൽ കാലക്കറക്കത്തിൽ മാറിമാറി വരുന്ന ജീവിത സാഹചര്യങ്ങളിൽ തൽസംബന്ധമായ സമീപനത്തിൽ കാലോചിതമായ മാറ്റങ്ങളുണ്ടാകും എന്ന വ്യത്യാസമേയുള്ളൂ.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട മനുഷ്യന്റെ പ്രഥമ പരിഗണന പ്രായോഗികപരമാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മുഖ്യജീവിത രക്ഷോപാധികൾക്കായാണ് നാം പരിസ്ഥിതിയെ ആദ്യമായി ആശ്രയിക്കുന്നത്. തുടക്കത്തിൽ പ്രകൃതിയിൽ നിന്ന് അധ്വാനമില്ലാതെ കണ്ടെത്താനും, ദ്വിതീയമായി ജീവികളെ വളർത്താനും സസ്യലതാദികളെ കാർഷികമായി ഉപയോഗപ്പെടുത്താനും, ത്രിതീയമായി അനുയോജ്യവും ലളിതവുമായ വ്യാവസായികാവശ്യത്തിന്നുമായി പരിസ്ഥിതിയെ മനുഷ്യർ ഉപയോഗപ്പെടുത്തിപോന്നു. ഭൂമിയിലെ മാനവ ജീവിതത്തിന്റെ വികാസ പരിണാമങ്ങൾക്കനുസൃതമായി പരിസ്ഥിതിയുടെ പ്രായോഗിക പരിഗണന വർധിച്ചു വരികയും ഇന്നത്തെ വ്യാവസായിക യുഗത്തിൽ അത് പാരമ്യത്തിലെത്തുകയും ചെയ്തു.

പ്രായോഗിക പരിഗണനകൾക്ക് എത്രയോ മുമ്പെ പരിസ്ഥിതിയെക്കുറിച്ച ദാർശനിക ശ്രദ്ധ മനുഷ്യർ വെച്ചുപുലർത്തിയിരുന്നു. മനുഷ്യവംശത്തിന്റെ തുടക്കത്തിൽ തന്നെ തനിക്ക് ചുറ്റുമുള്ള പാരിസ്ഥിതിക പ്രതിഭാസങ്ങളെയും സൃഷ്ടികളെയും കുറിച്ച് മനുഷ്യർ ചിന്തിച്ചിരുന്നു. അവയെക്കുറിച്ച് അവർ ഐതിഹ്യസമാനമായ കാഴ്ചപ്പാടുകൾ വെച്ചുപുലർത്തി. പിന്നിട്ടപ്പോൾ അവയെക്കുറിച്ച് തത്ത്വശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ നൽകാൻ തുടങ്ങി. ഇതിനിടയിലെല്ലാം പരിസ്ഥിതിയെ ആദർശാടിത്തറയിൽ വിശദീകരിക്കാൻ ആകാശ മതങ്ങൾ അവതരിച്ചുകൊണ്ടിരുന്നു. ഒടുവിൽ മൂന്നു വലിയ മതങ്ങൾ വിശാലമായ കാഴ്ചപ്പാടിൽ പരിസ്ഥിതിയെക്കുറിച്ച് മനുഷ്യരെ ബോധവൽക്കരിച്ചു. ചുരുക്കത്തിൽ, പരിസ്ഥിതി വിജ്ഞാനീയം എന്ന ഒരു പ്രത്യേക ശാഖ ഇല്ലാതെത്തന്നെ പരിസ്ഥിതിയെക്കുറിച്ച് മനുഷ്യർ ദാർശനികമായും പ്രായോഗികമായും ഗൗരവമാർന്ന നിലപാടുകളെടുത്തുപോന്നിട്ടുണ്ടെന്ന് സാരം.

സമീപ നൂറുവർഷങ്ങളിൽ, വിശിഷ്യ കഴിഞ്ഞ അമ്പത് വർഷങ്ങൾക്കിടയിൽ പരിസ്ഥിതി സജീവചർച്ചാ വിഷയമായി. ഇതര വിജ്ഞാനീയങ്ങളെ പോലെ അതിന് ചില അടിസ്ഥാനങ്ങളും തത്ത്വങ്ങളും ആവിഷ്കൃതമായി. മാനവ സമൂഹത്തിന്റെ മൊത്തം സാംസ്കാരിക ഈടുവെയ്പിൽ പരിസ്ഥിതി മുഖ്യഘടകമായി. Ecology ഇന്ന് മറ്റുപല ശാസ്ത്രശാഖകളുമായും ബന്ധമുള്ള സവിശേഷ ശാസ്ത്ര ശാഖയായി വികസിച്ചിരിക്കുകയാണ്.

പരിസ്ഥിതി വിജ്ഞാനീയം സ്വതന്ത്രശാഖയാവാൻ പല കാരണങ്ങളുമുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു ശതകങ്ങളിൽ വ്യാവസായിക വിപ്ലവം വിഭവങ്ങൾ ചൂഷണം

ചെയ്തും, പ്രകൃതിഘടനയിൽ ഗുരുതരമായ വ്യതിയാനങ്ങൾ വരുത്തിയും, അടിസ്ഥാന ജീവിതോപാധികൾപോലും മലിനമാക്കിയും നിഷേധാത്മകമായ ഒട്ടേറെ ദോഷങ്ങൾ വരുത്തിയതാണ് ഇവയിൽ മുഖ്യകാരണം. ഇതിപ്പോൾ ഭൂമുഖത്ത് നിന്ന് മനുഷ്യജീവിതം തന്നെ തുടച്ചുമാറ്റപ്പെടുമെന്നേടത്തോളം അപകടകരമായ ദുരന്തസാഹചര്യത്തിലാണ് എത്തിയിരിക്കുന്നത്.

പരിസ്ഥിതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആഘാത പ്രത്യാഘാതങ്ങളെക്കുറിച്ച ഗൗരവബോധം മേൽ വിജ്ഞാനീയത്തെ വളരെ വേഗം ഗുണപരമായി സ്വാധീനിക്കുകയുണ്ടായി. ഇന്ന് ലോകതലത്തിൽ നാനാ പ്രകാരേണ രക്ഷോപായ നടപടികൾ സ്വീകരിക്കാൻ ഇതുകാരണമായി.

കൂടുതൽ ആഴത്തിലും സമഗ്രതയിലും പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് ഉന്നയിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ മൗലികമായ പ്രശ്നങ്ങൾ പുറത്തുവരുമായിരുന്നു. വ്യാവസായിക വിപ്ലവം പരിസ്ഥിതിയിലുണ്ടാക്കിയ ആഘാതങ്ങളെ പോലെത്തന്നെ അവയുടെ പരിഹാരമാർഗങ്ങളും ചർച്ചയ്ക്ക് വിധേയമാവേണ്ടതാണ്. പക്ഷെ, യഥാർത്ഥ കാരണങ്ങൾ തീരെ ചർച്ച ചെയ്യപ്പെടുന്നില്ല. പ്രശ്നത്തിന്റെ ദ്വിതീയ കാരണങ്ങളെക്കുറിച്ച ചർച്ചയാണ് ഇന്ന് നടക്കുന്നത്. യഥാർത്ഥത്തിൽ അവയെ കാരണങ്ങൾ എന്നതിനേക്കാൾ ഫലങ്ങൾ എന്ന് വിളിക്കുന്നതാണ് കൂടുതൽ ശരി.

വ്യവസായിക വിപ്ലവം വിതച്ച പരിസ്ഥിതി നാശത്തിന്റെ യഥാർത്ഥ കാരണങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, അതിന് വികസനപ്രവർത്തനങ്ങളുമായോ, പരിസ്ഥിതിയിൽ മനുഷ്യർ നടത്തുന്ന ഇതര പ്രവർത്തനങ്ങളുമായോ അല്ല ബന്ധം എന്ന് കണ്ടെത്താൻ കഴിയും. മനുഷ്യരുടെ നാനാ വിധ വികസനാവശ്യങ്ങൾക്കുള്ളതാണ് ഈ ഭൗമ പരിസ്ഥിതി. യഥാർത്ഥത്തിൽ, പരിസ്ഥിതിയെക്കുറിച്ച മതപരവും ദാർശനികവുമായ കാഴ്ചപ്പാടുകൾ തലതിരിഞ്ഞുപോയതാണ് പ്രശ്നങ്ങളുടെ മൂലകാരണം. മതപരവും ദാർശനികവുമായ കാഴ്ചപ്പാടുകളാണ് പരിസ്ഥിതിയുടെ നേരെ മനുഷ്യന്റെ നിലപാടെന്താകണമെന്ന് തീരുമാനിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ നാം ആദ്യമായി പരിഗണിക്കേണ്ടിയിരുന്നത് വിഷയത്തിന്റെ സാംസ്കാരിക മാനങ്ങളായിരുന്നു. പക്ഷെ, അടിസ്ഥാന വിഷയത്തിനുപകരം ശാഖാവിഷയങ്ങളാണ് ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്.

പരിസ്ഥിതിയിൽ മനുഷ്യർ നടത്തുന്ന ഏത് പ്രവർത്തനവും സാംസ്കാരിക വീക്ഷണമനുസരിച്ച് നന്മയോ തിന്മയോ ആവാം. പരിസ്ഥിതിയാഥാർത്ഥ്യത്തിന്റെ മതപരമോ ദാർശനികമോ ആയ മാനവും, മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധവുമാണ് അതിൽ മനുഷ്യൻ ചെലുത്തുന്ന ഗുണപരമോ ദോഷകരമോ ആയ എല്ലാറ്റിന്റെയും നിദാനം. വ്യാവസായിക വിപ്ലവത്തെ തുടർന്നുണ്ടായ പരിസ്ഥിതി ദോഷങ്ങളും മേൽ രണ്ട് അടിസ്ഥാനങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടിൽ നിന്നാണുണ്ടായത്. വർത്തമാന പാശ്ചാത്യ നാഗരികതയെ ഭരിക്കുന്ന ഭൗതിക ഭാവമാണ് ഇക്കണ്ട കെടുതികൾക്കൊക്കെയും കാരണം.

പ്രപഞ്ചം, മനുഷ്യൻ, ജീവിതം എന്നിവയെ സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാട് വെച്ചുപുലർത്തുകയും തദടിസ്ഥാനത്തിൽ ചരിത്രത്തിൽ ഒരു നാഗരികത സ്ഥാപിക്കുകയും ചെയ്ത മതമാണ് ഇസ്ലാം. പരിസ്ഥിതി വിജ്ഞാനീയം സ്വതന്ത്ര ശാഖയായ ഇന്ന് ആധുനിക പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം സമർപ്പിക്കാൻ ഇസ്ലാമിന്ന് കഴിയും. വിശിഷ്യ, തദ്വിഷയകമായ അപൂർണതകൾ പരിഹരിക്കാൻ അത് ശക്തമാണ്. മൊത്തം പ്രപഞ്ചത്തെക്കുറിച്ച ദാർശനിക വീക്ഷണത്തിന്റെ വൃത്തത്തിൽ നിന്നുകൊണ്ട് പരിസ്ഥിതിയുടെ പരിണാമം, ഭൗതികവും ആത്മീയവുമായ തലങ്ങൾ, മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ആത്മീയവും ഭൗതികവുമായ ബന്ധം, അതിന്റെ സ്വാധീനങ്ങളും പ്രതിഫലനങ്ങളും, മനുഷ്യർ പരിസ്ഥിതിയുമായി എങ്ങനെ ബന്ധപ്പെടണമെന്നതിന് പ്രായോഗികമാർഗദർശനം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ അതിൽ വിഷയീഭവിക്കുന്നുണ്ട്. ഇതനുസരിച്ച്, പരിസ്ഥിതിയുടെ സാംസ്കാരിക സങ്കൽപം, മനുഷ്യനും പരിസ്ഥിതിയും തമ്മിലെ ബന്ധത്തിന്റെ സാംസ്കാരിക സങ്കൽപം, പരിസ്ഥിതി പ്രായോജനം, പരിസ്ഥിതിപരിപാലനം എന്നീ നാലധ്യായങ്ങളിലൂടെയാണ് നാം വിഷയത്തെ അധികരിച്ച് ചർച്ച ചെയ്യുന്നത്. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവ എന്താണെന്ന് നിർണയിക്കുന്നതിൽ വലിയ പങ്കുണ്ട് എന്നാണ് ഇസ്ലാമിന്റെ ന്യായം.

### പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും

ശാസ്ത്ര-വിദ്യാഭ്യാസ-രാഷ്ട്രീയാദി മേഖലകളിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ വിഷയകമായി അന്താരാഷ്ട്രതലത്തിൽ തന്നെ ധാരാളം സമ്മേളനങ്ങൾ ചേരുകയുണ്ടായി. പരിസ്ഥിതിയെക്കുറിച്ച താൽപര്യം മനുഷ്യരെ സംബന്ധിച്ചേടത്തോളം പുതിയതൊന്നുമല്ല. നേരത്തെ പൊതു സാംസ്കാരിക ഉള്ളടക്കത്തിൽ അത്രയൊന്നും ശ്രദ്ധിക്കേണ്ടതില്ലാതിരുന്ന ആ ശാസ്ത്ര-രാഷ്ട്രീയ-വിദ്യാഭ്യാസ-സാംസ്കാരിക വിഷയം ലോക നിലവാരത്തിൽ മൗലികമായിത്തന്നെ ചർച്ചചെയ്യേണ്ടി വന്നു എന്നതാണ് ഇപ്പോഴത്തെ പ്രാധാന്യം. ഇപ്പോൾ മാനവസമൂഹത്തിന്റെ ഏറ്റവും ചൂടേറിയ വിഷയം പരിസ്ഥിതി പ്രശ്നങ്ങളാണ്.

പാശ്ചാത്യ വീക്ഷണങ്ങളിൽ നിന്ന് തീർത്തും ഭിന്നമായി ഇസ്ലാമികതത്ത്വങ്ങളിലൂന്നി പരിസ്ഥിതി പ്രശ്നങ്ങളെ വിലയിരുത്തി പരിഹാരം കാണുന്ന വിധമാണ് ഈ പഠനം ക്രോഡീകരിച്ചിരിക്കുന്നത്.

*('മക്തബത്തുശ്ശൈഖ് അലിയ്യുബ്നു അബ്ദില്ലാ ആലുസാനിൽ വഖ്ഫിയ്യഃ അൽ ആലമിയ്യഃ' യുടെ 1999/1419 ലെ അവാർഡ് ലഭിച്ച ഡോ: അബ്ദുൽ മജീദ് ഉമർ നജ്ജാറിന്റെ ഗ്രന്ഥത്തിന്റെ മുഖവുര).*